പട്ടിക ജാതി	പുലയ - 2
മുസ്ലീം	1
ലത്തീൻ കത്തോലിക്ക	1
ഹിന്ദു ഈഴവ	2
ഹിന്ദു വീരശൈവ	1
ഓപ്പൺ കാറ്റഗറി	8
ആകെ	15

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ വകുപ്പുകൾ

85 (1951) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് എത്ര സർക്കാർ വകുപ്പുകൾ ഉണ്ടെന്നും ഇവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) സർക്കാർ വകുപ്പുകൾ ഒഴിവുകൾ പി.എസ്.സി.-ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് 114 സർക്കാർ വകുപ്പുകളുണ്ട്. ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി വകുപ്പ് മേധാവികൾ സമർപ്പിച്ച രേഖകൾ പ്രകാരം മൂവായിരത്തി അഞ്ഞൂറോളം തസ്തികകളിലായി ആകെ 506556 (അഞ്ച് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി അൻപത്തി ആറ്) ജീവനക്കാരുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 10-9-2014-ലെ 19493/ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രത്തിലൂടെ എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly